"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

നികുതി വകുപ്പ് - രജിസ്ട്രേഷൻ - ഓപ്പറേഷൻ സത്യ ഉജ്ജ്വല - ആലപ്പുഴ സബ് രജിസ്ട്രാരാഫീസിൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധന - സബ് രജിസ്ട്രാർ ശ്രീമതി.അൽഫോൺസാ സെലിനെതിരായ അച്ചടക്കനടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

നികുതി (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.511/2024/TAXES തീയതി,തിരുവനന്തപുരം, 11-06-2024

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22/06/2023-ലെ ഇ6-(എസ് സി-47/2021/എ എൽ പി) 43608/2022/ഡി വി എ സി ബി നമ്പർ കത്ത്.
2. ശ്രീമതി അൽഫോൺസാ സെലിനു നൽകിയ 03/12/2023-ലെ ഇ1/209/2023-നികുതി നമ്പർ കുറ്റപത്രം.
3. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 29/02/2024-ലെ ഐജിആർ/6142/2023-ഇ9 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്തെ സബ് രജിസ്ട്രാർ ഓഫീസുകളിലെ ക്രമക്കേടുകൾ സംബന്ധിച്ച് സംസ്ഥാന വ്യാപകമായി നടത്തിയ മിന്നൽ പരിശോധന, **"ഓപ്പറേഷൻ സത്യ ഉജ്ജ്വല"**യുടെ ഭാഗമായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആലപ്പുഴ യൂണിറ്റ് ആലപ്പുഴ ടൗണിലെ സബ് രജിസ്ട്രാർ ഓഫീസിൽ 11/11/2021-ന് നടത്തിയ മിന്നൽ പരിശോധനയിൽ, ജൂനിയർ സൂപ്രണ്ട് ശ്രീ. അജീഷ് കുമാറിന്റെ പക്കൽ നിന്നും 19,340/- രൂപയും, 985/- രൂപയും കണ്ടെത്തിയ ക്രമക്കേടിന് ടിയാനെതിരെ കുറ്റാരോപണ മെമ്മോ നൽകി വിജിലൻസ് ട്രിബ്യൂണൽ അന്വേഷണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിജിലൻസ് (എ) വകുപ്പിൽ സ്വീകരിച്ചുവരുന്നുവെന്നും, ക്യാഷ് ബുക്ക് പരിപാലിക്കുന്നതിൽ വീഴ്ച വരുത്തിയ അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ ശ്രീമതി.എം.റ്റി.അൽഫോൺസാ സെലിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നുമുള്ള വിജിലൻസിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, ടിയാൾക്കെതിരെ KCS(CC&A) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയും ചെയ്യുകയുണ്ടായി. കുറ്റാരോപണമെമ്മോയ്ക്ക് ടിയാൾ സമർപ്പിച്ച പ്രതിവാദപത്രിക പരാമർശം (3) പ്രകാരം രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ലഭ്യമാക്കുകയുണ്ടായി.

2) രണ്ടു സബ് രജിസ്ട്രാർ തസ്തികയുള്ളതും (അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ + ജോയിന്റ് സബ് രജിസ്ട്രാർ) ശരാശരി 400-ൽ പരം ആധാരങ്ങളുടെ രജിസ്ട്രേഷൻ, ചിട്ടി രജിസ്ട്രേഷൻ, വിവാഹ രജിസ്ട്രേഷൻ കൂടാതെ പ്രതിദിനമുള്ള ജോലികളും നടക്കുന്ന ആലപ്പുഴ

സബ് രജിസ്ട്രാർ ഓഫീസിൽ അമാൽഗമേറ്റഡ് സബ് രജിസ്ട്രാർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ജീവനക്കാരൻ ജില്ലാ രജിസ്ട്രാറായി പ്രൊമോഷൻ ലഭിച്ച് പോയതിനാലും ജോയിന്റ് സബ് രജിസ്ട്രാർ രോഗബാധിതനായി ആശുപത്രിയിലുമായതിന്റെ അടിസ്ഥാനത്തിൽ 27/09/2021 മുതൽ ജൂനിയർ സൂപ്രണ്ട്, തന്നിൽ വിനിയോഗിക്കപ്പെട്ടിട്ടുള്ള ജോലികൾക്കു പുറമെ രണ്ട് സബ് രജിസ്ട്രാർമാരുടെ അധിക ചുമതല വഹിച്ച് ഓഫീസ് പ്രവർത്തനം നടത്തി വന്നിരുന്നതുമാണെന്നും, ആയതിനാൽ ബോധപൂർവ്വമല്ലാത്ത വീഴ്ചയും ജോലിഭാരവും കാരണം ഓഫീസിലെ ജോലികൾ കുടിശ്ശികയായിരുന്നതിനാൽ ഓഫീസ് ഓർഡർ നല്കി കുടിശ്ശിക തീർക്കാൻ ജീവനക്കാരോട് നിർദ്ദേശിച്ചിരുന്നുവെന്നും ശ്രീമതി അൽഫോൺസാ സെലിൻ ബോധിപ്പിക്കുകയുണ്ടായി.

3) ജോലികൾ വിഭജിച്ചു നല്കിയിരുന്നതിൽ ക്യാഷ് ബുക്ക് രജിസ്റ്റർ എഴുതേണ്ടത് ജൂനിയർ സൂപ്രണ്ടിന്റെ ചുമതലയായിരുന്നെന്നും, ക്യാഷ് ബുക്കിലെ കുടിശ്ശിക തീർക്കുന്നത് ശ്രദ്ധയോടും വീഴ്ചകൾ കൂടാതെയും എഴുതേണ്ടതാകയാൽ അധികസമയം ആവശ്യമായിരുന്നെന്നും, ക്യാഷ് ബുക്ക് എഴുതുന്നതിലുണ്ടായ ബോധപൂർവ്വമല്ലാതെയും ജോലിഭാരവും മൂലം സംഭവിച്ച വീഴ്ച വിജിലൻസ് പരിശോധന നടന്ന് അഞ്ചു ദിവസത്തിനുള്ളിൽ പൂർത്തീകരിച്ചിട്ടുള്ളതും ആയത് ജില്ലാ രജിസ്ട്രാർ ജനറലിനെയും മൊഴി രേഖപ്പെടുത്താൻ വിജിലൻസ് ഓഫീസറുടെ മുമ്പാകെ ഹാജരായ വേളയിൽ അദ്ദേഹത്തെയും ബോദ്ധ്യപ്പെടുത്തുകയും ചെയ്തിട്ടുള്ളതുമാണെന്നും ശ്രീമതി.അൽഫോൺസാ സെലിൻ ബോധിപ്പിക്കുകയുണ്ടായി.

4) ക്യാഷ് ബുക്ക് എഴുതുന്നതിലുണ്ടായ വീഴ്ച സംബന്ധിച്ച് ശ്രീമതി.അൽഫോൺസാ സെലിൻ സമർപ്പിച്ച വിശദീകരണം പൂർണമായും ന്യായീകരിക്കാവുന്നതല്ലെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെടുകയുണ്ടായി.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ക്യാഷ് ബുക്ക് എഴുതുന്നതിലുണ്ടായ വീഴ്ച ബോധപൂർവ്വമല്ലാതെയും, അമിത ജോലിഭാരവും മൂലമാണെന്നുള്ള ശ്രീമതി.അൽഫോൺസാ സെലിന്റെ വിശദീകരണം അംഗീകരിച്ച് ടിയാൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി മേൽ നടപടി കൂടാതെ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD M V

ജോയിന്റ് സെക്രട്ടറി

രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം.

ശ്രീമതി.അൽഫോൺസാ സെലിൻ, സബ് രജിസ്ട്രാർ, (രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ മുഖേന.)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.

ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.

വിജിലൻസ് (എ) വകുപ്പ് (06/10/2023-ലെ വിജി-എ2/434/2022-വിജി പ്രകാരം.)

വെബ് & ന്യൂ മീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Pramesh M R

സെക്ഷൻ ഓഫീസർ

Date: 11-06-2024 11:29:54